**POLICE** **DEPARTMENT**

**KERALA**

**No. G1-62818/2019/MM**
District Police Office,
Malappuram
spmpm.pol@kerala.gov.in
04832734983
Dated. 01-02-2021

**ലേല വിളംബരം**

**മലപ്പുറം ജില്ലാ പോലീസ് മേധാവി, കേരള പോലീസ് ആക്ട് 2011 സെക്ഷന് 56 GO(P)No.60/2018 dated 11.09.2018 എന്നിവ പ്രാകാരം പുറപ്പെടുവിക്കുന്നത്**

മലപ്പുറം ജില്ലയിലെ മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിലെ പോലീസ് സ്റ്റേഷൻ പരിസരം, Dumping Yard എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നതും അവകാശികളില്ലാത്തതുമായ വാഹനങ്ങളുടേയും മറ്റും ഉപയോഗശൂന്യമായ ഇരുമ്പ്, തകരം,ഫൈബർ, റബർ, പ്ലാസ്റ്റിക്ക് വസ്തുക്കൾ 06.02.2021 തിയ്യതിയിൽ എംഎസ്പി കമ്മ്യൂണിറ്റി ഹാളിൽ രാവിലെ 10 മണി മുതൽ പരസ്യമായ പൊതുലേലം വഴി സർക്കാരിലേക്ക് മുതൽക്കൂട്ടാൻ മലപ്പുറം സ്റ്റേഷൻ ഹൌസ് ഓഫീസറെ ഇതിനാൽ ചുമതലപ്പെടുത്തുന്നു . വിൽപ്പന പൊതു ലേലത്തിലായിരിക്കും നടക്കുക, അവകാശികളില്ലാത്തതായ വസ്തുക്കളും, വസ്തുക്കളുടെ ഭാഗങ്ങളുമാണ് ലേലം ചെയ്യുന്നത്,പൊതുജനങ്ങൾ നേരിട്ടോ, അംഗീകൃത ഏജന്റ് മുഖേനയോ ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

**ലേലനിബന്ധനകള്**

1. മലപ്പുറം പോലീസ് സ്റ്റേഷനിലെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഉത്തമ വിശ്വാസത്തിലും നൽകിയതായതിനാൽ, ഈ വിളംബരത്തിലെ ഏതെങ്കിലും പിശകിനോ, തെറ്റായ പ്രസ്താവനക്കോ, ഉപേക്ഷക്കോ മലപ്പുറം സ്റ്റേഷൻ ഹൌസ് ഓഫീസറോ, മറ്റ് പോലീസ് ഉദ്യോഗസ്ഥരോ ഉത്തരവാദികളല്ലാതാകുന്നതും അവരുടെ പ്രവർത്തികൾ 2011 ലെ കേരള പോലീസ് ആക്റ്റ് (2011-ലെ 8) 113-മത് വകുപ്പ് പ്രകാരം സംരക്ഷിക്കപ്പെടുന്നതായിരിക്കുന്നതുമാണ്.

2. അവകാശികളില്ലാത്ത വാഹനങ്ങളുടെ ഉപയോഗ ശൂന്യമായ ഭാഗങ്ങങ്ങൾ ഇരുമ്പ്, തകരം, ഫൈബർ, റബർ, പ്ലാസ്റ്റിക്ക് എന്നിവ തൂക്കത്തിനാണ് ലേലം ചെയ്യുന്നത്.

3. ലേലം പൂര്ണ്ണമായും COVID-19 PROTOCOL പ്രകാരമാണ് നടക്കുക

4.06-02-21 തിയ്യതി രാവിലെ 9 മണിക്ക് ലേല നടപടികള്ഴ ആരംഭിക്കുന്നതും, 10 മണിക്ക് ലേലം തുടങ്ങുന്നതുമാണ്

5.10 മണിക്ക് ശേഷം വരുന്നവരെ ഹാളിലേക്ക് പ്രവേശിപ്പിക്കുന്നതല്ല. കൂടാതെ പുറത്ത് ആരെയും കൂട്ടം കൂടി നിൽക്കാൻ അനുവദിക്കുന്നതുമല്ല.

6. ലേലത്തിൽ പങ്കെടുക്കണമെങ്കിൽ 300000/-(മൂന്ന് ലക്ഷം രൂപ) നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്.

7.ലേലം ഉറപ്പിച്ചുകഴിഞ്ഞാൽ ലേലം കൊണ്ട വ്യക്തി/ സ്ഥാപനം ലേലം കൊണ്ട സാമഗ്രികൾ തൂക്കി ആയതിൻറെ വിലയും, സർക്കാർ തീരുമാനിച്ചതായ GST യും, സെസ്സും ബഹു. ജില്ലാ പോലീസ് മേധാവിയുടെ "00000030905936970" (IFS Code: SBIN0008659, BRANCH MALAPPURAM) എന്ന ബാങ്ക് അക്കൌണ്ടിൽ അടവാക്കിയ രേഖകൾ ഹാജരാക്കിയാൽ മാത്രമേ സാധന സാമഗ്രികൾ വിട്ടുനല്കുകയുള്ളൂ.

8. ലേലംകൊണ്ട സാധന സാമഗ്രികൾ നീക്കം ചെയ്തതിന് ശേഷം മാത്രമേ ലേലം കൊണ്ട വ്യക്തിക്ക് നിരതദ്രവ്യതുക തിരിച്ച് നൽകുകയുള്ളൂ.

9. ഡെലിവറി ഓര്ഡർ കൈപ്പറ്റിയതിന് ശേഷം 30 ദിവസത്തിനുള്ളിൽ ലേലം കൊണ്ട വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

10. ഈ നിബന്ധനകളിൽ മാറ്റം വരുത്തുവാനും ഏതെങ്കിലും കാരണവശാൽ ലേലം അസ്ഥിരപ്പെടുത്തുവാനും പുനർ ലേലം നടത്തുവാനും ഉള്ള അധികാരം ജില്ലാ പോലീസ് മേധാവിക്കും ലേലം നടത്തുന്ന ഉദ്ധ്യോഗസ്ഥനും ഉണ്ടായിരിക്കും .

Abdul Karim U IPS
District Police Chief

G1-62818/2019/MM f5a973

**To** : കേരളാ സംസ്ഥാന പോലീസ് മേധാവിക്ക് ഉപരിപത്രം സഹിതം അറിവിലേക്കായി. പോലീസ് അഡീഷൻ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്) ഉപരിപത്രം സഹിതം അറിവിലേക്കായി. പോലീസ് ഇൻസെക്ടർ ജനറൽ,എസ്.സി.ആർ.ബി ഉപരിപത്രം സഹിതം അറിവിലേക്കും പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി . പോലീസ് ഇൻസെക്ടർ ജനറൽ,ഉത്തരമേഖല,കോഴിക്കോട് ഉപരിപത്രം സഹിതം അറിവിലേക്കായി. ഡെപ്യൂട്ടി പോലീസ് ഇൻസെക്ടർ ജനറൽ,തൃശ്ശൂർ റേഞ്ച്,തൃശ്ശൂർ ഉപരിപത്രം സഹിതം അറിവിലേക്കായി. ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,ജില്ലാ പബ്ലിക് റിലേഷൻ ഓഫീസ്,മലപ്പുറം ഉപരിപത്രം സഹിതം മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി.

**Copy To** : എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും അറിവിലേക്കും വിപുലമായ പരസ്യത്തിനുമായി . അസ്സിസ്റ്റൻറ് കമാണ്ടൻറ് ,ഏ.ആർ ക്യാമ്പ് ,മലപ്പുറം അറിവിലേക്കും അനന്തരനടപടിക്കുമായി , ജില്ലയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും വിപുലമായ പരസ്യം നൽകുന്നതിനുമായി. വെബ് അഡ്മിൻ പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

Internal Administrative Processing System
iAPS
KERALA POLICE